പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2329 19.06.2013-ൽ മറുപടിക്ക്

<u>പഴയങ്ങാടി താലൂക്ക് ആശുപത്രി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്; രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ മെഡിസിൻ, അനസ്തേഷ്യാ, പീഡിയാട്രിക്ക് എന്നീ വിഭാഗത്തിൽ കൺസൾട്ടന്റിന്റെ ഒഴിവ് ഉണ്ട്. സർവീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ആശുപത്രിയിൽ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള സിവിൽ സർജൻ തസ്തിക സൂപ്രണ്ട് തസ്തികയായി പുനർ നാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Sobha

സെക്ഷൻ ഓഫീസർ